No. CEE/4600/2019/KEAM-2020/TA4


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# വിജ്ഞാപനം

# KEAM-2020

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2020–ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2020 സെപ്തംബർ 30–ാം തീയതി മുതൽ ഒക്ടോബർ 06–ാം തീയതി രാവിലെ 10.00 മണി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാത്തതുമൂലം ഒന്നാം ഘട്ട ഓപ്ഷൻ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിയ Holy Grace Academy of Pharmacy, Mala, Thrissur (HGB), KMP College of Pharmacy, Perumbavoor, Ernakulam (KEB), KVM College of Pharmacy, Kokkothamangalam, Cherthala (KVB), Nirmala College of Health Sciences, Kunnappilly, Thrissur (NEB) എന്നീ കോളേജുകളെ ആദ്യഘട്ട അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബഹു. ഹൈക്കോടതിയുടെ 05.10.2020 ലെ WP(C)20754,20757, 20753/2020 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം അലോട്ട്മെന്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തിയ 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പുതുതായി അനുവദിക്കപ്പെട്ട കോഴ്സുകളിലേക്കും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ ഈ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും ബഹു.സുപ്രീകോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും. യൂണിവേഴ്സിറ്റി അഫിലിയേഷൻ/സർക്കാർ ഉത്തരവ് എന്നിവ ലഭിക്കാത്തതുമൂലം ഒന്നാംഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്താത്ത പുതുതായി അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്ന മുറയ്ക്ക് അത്തരം കോഴ്സുകൾ തുടർന്നുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

ഒന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോംപേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **08.10.2020 മുതൽ 10.10.2020 വൈകുന്നേരം 5 മണിയ്ക്കകം** ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, G.O.(MS)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണർക്കുള്ള ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ

മാനേജ്മെന്റ് സീറ്റിലാണ് അലോട്ട്മെന്റ് ലഭിച്ചിരിക്കുന്നതെങ്കിൽ ഫീസിളവിന് അർഹരല്ല. ഇവർ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടി വരുന്നതാണ്. <u>നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.</u>

**ആദ്യഘട്ട അലോട്ട്മെന്റിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.**

എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ടമെന്റ് നടപടിക്രമങ്ങൾ 2020 ഒക്ടോബർ 12 മുതൽ ആരംഭിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് മുതൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ അതത് കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്പ്ലൈൻ നമ്പർ: 0471- 2525300 (10 am-5 pm)**

തിരുവനന്തപുരം
07.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**